ഭരണഭാഷ-മാതൃഭാഷ

തലപ്പലം ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 686579
GSTIN:32AABLG2360A1ZY ഫോൺ നമ്പർ : 0482-2272195
tlpmetpaktm@gmail.com

നമ്പർ: 4416566-2026 **തീയതി : 24-09-2026**

തലപ്പലം ഗ്രാമപഞ്ചായത്ത് 11-ാം വാർഡിൽ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഭൂമിവാങ്ങൽ- വാഗ്ദാനപത്രം ക്ഷണിക്കുന്നു

തലപ്പലം ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രോജക്ട് നമ്പർ 22/27 അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ വാർഡ് 11 എന്ന പദ്ധതിയ്ക്കായി 11- മേലമ്പാറ വാർഡിൽ അനുയോജ്യമായ ഗതാഗത സൌകര്യത്തോടുകൂടിയതും യാതൊരുവിധ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, ബാദ്ധ്യതകളില്ലാത്തതുമായ 5 സെന്റിൽ കുറയാത്ത പുരയിടം വിലയ്ക്ക് വാങ്ങുന്നതിനായി ഭൂമി വിൽക്കുവാൻ താത്പര്യമുള്ളവരിൽ നിന്നും വാഗ്ദാന പത്രം ക്ഷണിക്കുന്നു. വാഗ്ദാന പത്രത്തിൽ വിൽക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വില രേഖപ്പെടുത്തി നൽകണം. (1 സെന്റ്/1 ആർ ന്റെ വില) വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്, മുന്നാധാരത്തിന്റെ പകർപ്പ്, തൻവർഷത്തെ ഭൂനികുതി അടവാക്കിയ രസീത്, തൻവർഷത്തെ കൈവശരേഖ, വില്ലേജ് ഓഫീസിൽ നിന്നുള്ള ലൊക്കേഷൻ സ്കെച്ച് എന്നിവ വാഗ്ദാന പത്രത്തോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 178, കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ 2005 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ, റവന്യൂ വകുപ്പ് നിശ്ചയിച്ച് നൽകുന്ന വാല്യുവേഷൻ എന്നിവ അടിസ്ഥാനമാക്കിയായിരിക്കും വസ്തു ആർജ്ജിക്കുന്നത്. വാഗ്ദാന പത്രം സ്വീകരിക്കുന്ന അവസാന തീയതി 13/10/2026 തീയതി 1 പി.എം . വിശദവിരങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ് പ്രവർത്തി ദിനങ്ങളിൽ ലഭിക്കുന്നതാണ്

സെക്രട്ടറി

OFFICE OF THE THALAPPALAM GRAMA PANCHAYATH * PLASSANAL P.O., KOTTAYAM * PIN:686579

Secretary
Thalappalam Grama Panchayath
Plassanal P.O.,Kottayam (Dt.)
PIN:686 579, PH:04822 272195
Mobile-9496044677